# കളിപ്പെട്ടി

## വിവരവിനിമയ സാങ്കേതികവിദ്യ

## സ്റ്റാൻഡേർഡ് 1



AI generated image

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2024

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :
**Kerala Infrastructure and Technology for Education [KITE]**
Poojappura, Thiruvananthapuram - 695012, Kerala
For **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram - 695012, Kerala
First Edition : 2024
Website: www.kite.kerala.gov.in, www.scertkerala.gov.in
email : contact@kite.kerala.gov.in, scertkerala@gmail.com
Phone : 0471-2529800, 0471-2341883, Fax: 0471-2529810, 0471-2341869
Type setting : KITE
Layout : KITE
Printed at : KBPS, Kakkanad, Kochi - 30
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

നിങ്ങളുടെ ചങ്ങാതിക്കൂട്ടത്തിലേക്ക് ചേരാൻ
ഒരാൾ കൂടിയിതാ വന്നിരിക്കുന്നു.

കളിക്കാനും പാട്ടുകേൾക്കാനും ചിത്രംവരയ്ക്കാനും
ഈ ചങ്ങാതി നിങ്ങളെ സഹായിക്കും.

ഇതോടൊപ്പം ധാരാളം പുത്തൻ അറിവുകളും
പ്രിയസുഹൃത്ത് നിങ്ങളുമായി പങ്കുവയ്ക്കും.

കമ്പ്യൂട്ടർ ഉപയോഗിച്ച് കളിച്ചു പഠിക്കാൻ
ഈ പുസ്തകം നിങ്ങളെ സഹായിക്കട്ടെ.

ഒപ്പം നിങ്ങളുടെ ചുറ്റുപാടുമുള്ള കാഴ്ചകൾ നേരിട്ടു
നിരീക്ഷിക്കാനും താരതമ്യം ചെയ്യാനും ശ്രമിക്കുമല്ലോ.

സ്നേഹാശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

## പാഠപുസ്തകരചന
### ശിൽപ്പശാലയിൽ പങ്കെടുത്തവർ

**ചെയർമാൻ**
**കെ. അൻവർ സാദത്ത്**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**കൈറ്റ്, തിരുവനന്തപുരം**

**രാജേഷ് എം.പി.**
ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.എസ്. പാക്കം
കാസറഗോഡ്

**സിന്ധു എ.**
മാസ്റ്റർ ട്രെയിനർ, കൈറ്റ്, കണ്ണൂർ

**പ്രദീപ്കുമാർ ടി.**
സംഗീതാധ്യാപകൻ
സി.എച്ച്.എം.കെ.എം.എച്ച്.എസ്.എസ്.
കാവനൂർ, മലപ്പുറം

**ജേക്കബ് സത്യൻ**
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
മല്ലപ്പള്ളി, പത്തനംതിട്ട

**ഷാജി സി.കെ.**
മാസ്റ്റർ ട്രെയിനർ, കൈറ്റ്, മലപ്പുറം

**അഭയദേവ് എസ്.**
മാസ്റ്റർ ട്രെയിനർ, കൈറ്റ്, ഇടുക്കി

**നിധിൻ ജോസ്,**
മാസ്റ്റർ ട്രെയിനർ കോഡിനേറ്റർ, കൈറ്റ്, കോട്ടയം

**ഉമ കെ.ആർ.**
എൽ.പി.എസ്.എ, എ.എം.എൽ.പി.എസ്. മൊറയൂർ
കീഴ്മുറി, മലപ്പുറം

**അബ്ദുൽഹക്കീം സി.പി.**
സോഫ്റ്റ്‌വെയർ കൺസൾട്ടന്റ്, കൈറ്റ്, മലപ്പുറം

**പി. യഹിയ**
എച്ച്.എസ്.എസ്.ടി. റിട്ട.,
ഗവ. മോഡൽ എച്ച്.എസ്.എസ്. കോഴിക്കോട്

**ഹസൈനാർ മങ്കട**
മാസ്റ്റർ ട്രെയിനർ കോഡിനേറ്റർ,
കൈറ്റ്, മലപ്പുറം

**ഡോ. ഷാനവാസ് കെ.**
മാസ്റ്റർ ട്രെയിനർ കോഡിനേറ്റർ,
കൈറ്റ്, മലപ്പുറം

---

**ചിത്രകാരന്മാർ**

**ഇഖ്ബാൽ എം.കെ.**
മാസ്റ്റർ ട്രെയിനർ, കൈറ്റ്, പാലക്കാട്

കവർ
**ഇ. സുരേഷ്**
കാർട്ടൂണിസ്റ്റ്, പള്ളിക്കര, കോഴിക്കോട്

---

**കോഡിനേറ്റർ**
**മുഹമ്മദ് അസ്‌ലം എ.ആർ.**
അക്കാദമിക് കോഡിനേറ്റർ, കൈറ്റ്,
തിരുവനന്തപുരം

**അക്കാദമിക് കോഡിനേറ്റർ**
**ഡോ. ധന്യ ജി.**
റിസർച്ച് ഓഫീസർ,
എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം

1. മാനം നോക്കി വരയ്ക്കാം ..........07
2. ചതുരക്കള്ളിയിൽ ഒരു വീട് ..........09
3. ക്ലിക്ക്... ക്ലിക്ക്... ..........11
4. എത്രയെത്ര നിറങ്ങൾ! ..........13
5. എണ്ണാം, നിറം കൊടുക്കാം... ..........15
6. ഇടത്താനേ... വലത്താനേ... ..........17
7. തരം തിരിക്കാം ..........18
8. കണ്ടെത്താം ..........20
9. നിറം കൊടുത്തു കളിക്കാം ..........22
10. വാക്കുമഴ ..........24
11. കുത്തുകൾ എത്ര? ..........26
12. ആകെ എത്ര? ..........28
13. ബാക്കി എത്ര? ..........31
14. പത്താകാൻ എത്ര? ..........34
15. നിഴൽ ആരുടെ? ..........36

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1. മാനം നോക്കി വരയ്ക്കാം






| ടീച്ചറോട് | ഗെയിം തുറക്കാൻ |
|---|---|

ജികോംപ്രിസ്

ക്ലിക്ക് ചെയ്തു വരയ്ക്കാം













ഓരോ നീല വട്ടത്തിലും ക്ലിക്ക് ചെയ്തുനോക്കൂ.

# 2. ചതുരക്കള്ളിയിൽ ഒരു വീട്






ചതുരക്കള്ളികളിൽ
വീടിന്റെ ആകൃതിയിൽ
നിറം നൽകിനോക്കൂ.

**ടീച്ചറോട്** ഗെയിം തുറക്കാൻ

ജികോംപ്രിസ്





എളുപ്പത്തിൽ വരയ്ക്കാം



തെറ്റിയെങ്കിൽ എന്നെ ഉപയോഗിക്കൂ.




ഈ വീട്
എങ്ങനെയുണ്ട്?



സൂപ്പർ! ഇനി
മറ്റൊരു ചിത്രം
വരച്ചുനോക്കൂ...



# 3. ക്ലിക്ക്... ക്ലിക്ക്...






| ടീച്ചറോട് | ഗെയിം തുറക്കാൻ |
| --- | --- |

ജികോംപ്രിസ്





ഇരട്ട ടാപ്പോ ഇരട്ട ക്ലിക്കോ?






കട്ടകളിൽ രണ്ട് പ്രാവശ്യം തുടർച്ചയായി ക്ലിക്ക് ചെയ്ത്, ഒളിച്ചിരിക്കുന്നത് ആരാണെന്ന് കണ്ടെത്തൂ...



•••

# 4. എത്രയെത്ര നിറങ്ങൾ!



**ടീച്ചറോട്** **ഗെയിം തുറക്കാൻ**

ജികോംപ്രിസ്





പദസമ്പത്ത്




പദസമ്പത്ത് വളർത്തൂ...




നിറം







ഗെയിം തുറന്നു വരുമ്പോൾ കേൾക്കുന്ന നിറത്തിന്റെ പേരും സ്ക്രീനിൽ കാണുന്ന പാത്രത്തിലെ ചായത്തിന്റെ നിറവും നൽകിയിരിക്കുന്ന പേരുകളും ശ്രദ്ധിച്ച് യോജിച്ചത് തിരഞ്ഞെടുക്കുക.



മുന്നോട്ടു പോകാൻ ❯ എന്ന അടയാളത്തിൽ ക്ലിക്ക് ചെയ്യുക.

● ● ●

# 5. എണ്ണാം, നിറം കൊടുക്കാം




**നിറം നൽകിയ എത്ര വട്ടങ്ങളുണ്ടെന്ന് പറയൂ...**



**ടീച്ചറോട്** ഗെയിം തുറക്കാൻ

ജികോംപ്രിസ് എണ്ണൽ എണ്ണാം നിറംകൊടുക്കാം







ശരിയാണോ എന്നറിയാൻ OK ക്ലിക്ക് ചെയ്യണേ.



തന്നിരിക്കുന്ന സംഖ്യക്ക് യോജിക്കുന്ന തരത്തിൽ വട്ടങ്ങളിൽ ക്ലിക്ക് ചെയ്യുക.

# 6. ഇടത്താനേ... വലത്താനേ...




| ടീച്ചറോട് | ഗെയിം തുറക്കാൻ |
|---|---|

ജികോംപ്രിസ്





ഇടതോ വലതോ?









സ്ക്രീനിൽ കാണുന്നത് ഇടതുകൈയോ വലതുകൈയോ എന്ന് കണ്ടെത്തുക. അതിനനുസരിച്ച് താഴെയുള്ള ബട്ടണിൽ ക്ലിക്ക് ചെയ്യുക.

# 7. തരം തിരിക്കാം



ഇവ തരം
തിരിച്ചാലോ...
പഴങ്ങളും
പച്ചക്കറികളും എല്ലാം
കൂടികിടക്കുകയാണല്ലോ...




പഴങ്ങൾ
എനിക്ക് തരണേ...
പച്ചക്കറികൾ
എനിക്കും...

| ടീച്ചറോട് | ഗെയിം തുറക്കാൻ |
|---|---|

ജികോംപ്രിസ് → പദസമ്പത്ത് → തരം തിരിക്കാം → സംഖ്യകൾ










• • •

# 8. കണ്ടെത്താം




ഇതുപോലെ ചിത്രത്തിലെ വ്യത്യാസങ്ങൾ കണ്ടെത്തൂ.



| ടീച്ചറോട് | ഗെയിം തുറക്കാൻ |
| --- | --- |

ജികോംപ്രിസ് → ചിത്രവേട്ട







വ്യത്യാസം ഉള്ളിടത്തെല്ലാം
ക്ലിക്ക് ചെയ്യാൻ മറക്കല്ലേ...



•••

# 9. നിറം കൊടുത്തു കളിക്കാം









**ടീച്ചറോട്** **ഗെയിം തുറക്കാൻ**

ജികോംപ്രിസ്





യുക്തി




ഗ്രാഫിനു നിറം കൊടുക്കാം







ഗ്രാഫിൽ നിറം നൽകേണ്ടത് എങ്ങനെയാ?



വട്ടത്തിൽ ക്ലിക്ക് ചെയ്യൂ... നിറങ്ങൾ കാണുന്നില്ലേ...



അടുത്തടുത്ത് ഒരേ നിറം നൽകരുതേ...

• • •

# 10. വാക്കുമഴ



| ടീച്ചറോട് | ഗെയിം തുറക്കാൻ |
| --- | --- |

ജികോംപ്രിസ്





വാക്കുകൾ




വീഴുന്ന വാക്കുകൾ







ജികോംപ്രിസിന്റെ ഭാഷ ഇംഗ്ലീഷ് ആക്കിയ ശേഷമാണ് ഈ ഗെയിം കളിക്കേണ്ടത്. വാക്കുകൾ താഴെ എത്തുന്നതിനു മുമ്പ് കീബോർഡിൽ അവ ടൈപ്പ് ചെയ്യുക.



• • •

# 11. കുത്തുകൾ എത്ര?






| ടീച്ചറോട് | ഗെയിം തുറക്കാൻ |
| --- | --- |

ജികോംപ്രിസ്





കുത്തുകളെണ്ണാം










•••

# 12. ആകെ എത്ര?






| ടീച്ചറോട് | ഗെയിം തുറക്കാൻ |
|---|---|

ജികോംപ്രിസ് → → കണക്ക് → മാന്ത്രികന്റെ തൊപ്പി +





11
OK
ഇവിടെ ക്ലിക്ക് ചെയ്ത്
ഉത്തരം ചേർക്കണേ...


•••

# 13. ബാക്കി എത്ര?








| ടീച്ചറോട് | ഗെയിം തുറക്കാൻ |
|---|---|

ജികോംപ്രിസ്





കണക്ക്




മാന്ത്രികന്റെ തൊപ്പി +






തൊപ്പിയിൽ ക്ലിക്ക് ചെയ്യുമ്പോൾ നക്ഷത്രങ്ങൾ അകത്തേക്കും പുറത്തേക്കും പോകും.

തൊപ്പിക്ക് അടിയിൽ ബാക്കിവന്ന നക്ഷത്രങ്ങൾ എണ്ണി നോക്കി ഉത്തരം നൽകണം.



# 14. പത്താകാൻ എത്ര?




ഓണത്തിന് ഇനി എത്ര ദിവസമുണ്ടെന്ന് കണ്ടെത്തിയോ?
ഇനി ഗെയിം കളിച്ചുനോക്കൂ.

| ടീച്ചറോട് | ഗെയിം തുറക്കാൻ |
|---|---|

ജികോംപ്രിസ്

കണക്ക്

പത്തിന്റെ പൂരകം കണ്ടെത്താം.













ശരിയായ സംഖ്യയിൽ ക്ലിക്ക് ചെയ്ത ശേഷം ഉത്തരം നൽകേണ്ട ചോദ്യചിഹ്നത്തിലും ക്ലിക്ക് ചെയ്യുക.



# 15. നിഴൽ ആരുടെ?









**ടീച്ചറോട്** **ഗെയിം തുറക്കാൻ**

ജികോംപ്രിസ്



കുട്ടിപ്പസിൽ







യോജിച്ച ചിത്രത്തെ നിഴലിലേക്ക് ചേർത്തു വയ്ക്കൂ...

ടീച്ചറോട്,

പ്രൈമറി ക്ലാസിലെ വിദ്യാർഥികൾക്ക് എജ്യുടെയിൻമെന്റ് രീതിയിൽ ഗെയിമുകളിലൂടെ പഠനം നടത്താനുള്ള ലഘുപ്രവർത്തനങ്ങളാണ് ഈ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി, അന്താരാഷ്ട്രതലത്തിൽ പ്രശസ്തിയാർജിച്ച ജികോംപ്രിസ് എന്ന വിദ്യാഭ്യാസ സോഫ്റ്റുവെയർ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള 15 പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഭാഷയിലും ഗണിതത്തിലും ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്താനും ചിത്രരചന, വായന, അക്ഷരശേഷി, സംഖ്യാബോധം, ചതുഷ്ക്രിയകൾ, നിറത്തെക്കുറിച്ചുള്ള ബോധം, യുക്തിചിന്ത എന്നിവ ഉറപ്പിക്കാനും സഹായകമായ നിരവധി പ്രവർത്തനങ്ങൾ ജികോംപ്രിസിലുണ്ട്. മറ്റു വിഷയങ്ങളിലെ വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തിയാണ് പാഠപുസ്തകത്തിൽ ഗെയിമുകൾ അവതരിപ്പിച്ചിരിക്കുന്നത്. ഇതിലൂടെ പ്രസ്തുത വിഷയങ്ങളിലെ പഠനനേട്ടങ്ങൾ ഉറപ്പുവരുത്താനും അതോടൊപ്പം കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള പ്രാഥമികശേഷികൾ കുട്ടികളിലെത്തിക്കാനും കഴിയും.

ഇതിലെ, ഒന്നുമുതൽ നാലുവരെയുള്ള പാഠഭാഗങ്ങൾ കമ്പ്യൂട്ടർ പരിചയപ്പെടാനും പ്രവർത്തിപ്പിക്കാനുമുള്ള പ്രാഥമിക ധാരണകൾ നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. 'എണ്ണാം, നിറംകൊടുക്കാം', 'കുത്തുകൾ എത്ര?', 'ആകെ എത്ര?', 'ബാക്കി എത്ര?', 'പത്താകാൻ ഏത്ര?' എന്നീ പാഠഭാഗങ്ങൾ ഗണിതാശയങ്ങൾ ഉറപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. 'മാനം നോക്കി വരയ്ക്കാം', 'ചതുരക്കള്ളിയിൽ ഒരു വീട്', 'എത്രയെത്ര നിറങ്ങൾ! എന്നിവ ചിത്രരചന, നിറങ്ങളെക്കുറിച്ചുള്ള അവബോധം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. കൂടാതെ 'തരം തിരിക്കാം', 'കണ്ടെത്താം', 'നിറം കൊടുത്തു കളിക്കാം', 'നിഴൽ ആരുടെ?' എന്നീ പാഠഭാഗങ്ങൾ യുക്തിചിന്ത, കമ്പ്യൂട്ടേഷണൽചിന്ത എന്നിവ വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുമാണ്.

ഓരോ കുട്ടിയുടെയും പഠനനില പരിഗണിച്ച് യോജിച്ച പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യാൻ ഈ പ്രവർത്തനങ്ങൾ സഹായകമാണ്. സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് യോജിച്ച പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും ജികോംപ്രിസിലെ ഗെയിമുകളിലൂടെ സാധിക്കും. കുട്ടികൾക്ക് കണ്ടും കേട്ടും സ്പർശിച്ചും അറിയാനുള്ള പരിസരമൊരുക്കണം. വൈവിധ്യമാർന്ന കളികളിലൂടെ ചിന്തയുണർത്തി അവരെ അറിവിന്റെയും അനുഭവത്തിന്റെയും ലോകത്തേക്ക് നയിക്കാനുതകുംവിധം ഇതിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

ഇതിനായി, ഏതാനും ചില മാതൃകകൾ മാത്രമാണ് പുസ്തകത്തിൽ നൽകിയിരിക്കുന്നത്. ഇതിലെ കളികളും പ്രവർത്തനങ്ങളും അവസാനവാക്കല്ല എന്ന കാര്യവും ശ്രദ്ധിക്കണം. ലളിതവും നൂതനവും പ്രവർത്തനോന്മുഖവുമായ മറ്റു സാധ്യതകളും ക്ലാസ്റൂം വിനിമയത്തിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഒപ്പം കുട്ടിക്ക് ലഭിക്കേണ്ട നേരനുഭവം അതുപോലെതന്നെ ലഭ്യമാക്കാനുള്ള സൗകര്യങ്ങളും ഒരുക്കേണ്ടതാണ്.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലികകർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***